കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ. കെ.എൽ.എം. പി.8 – 1901 / 2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി –31.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആദിച്ചനല്ലൂർഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4,2-5 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1,3-3,3-12 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൽ.എം. പി.8 – 1901 /2016 തിയ്യതി: 31.12.2016

## കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.2016 മുതൽ 15.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. 20 അന്വേഷണകുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി. എം. ഗീത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.10.2016 മുതൽ 22.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. കെ. സൈമൺ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ശ്രീജി. എസ്. | അസി.ഓ.ഓഫീസർ |
| | | ശ്രീ. സി. ചന്ദ്രപ്രകാശ് | സീ.ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ഷേർളി സ്റ്റീഫൻ | 01.04.2015 മുതൽ 30.09.2015 വരെ |
| | : | ശ്രീ. അജയകുമാർ | 01.10.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | | |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.പി.ക്ലമന്റ് | 1-4-15 മുതൽ 17-5-15 വരെ |
| | ശ്രീ.ജ്യോതിസ്.വി | 18-5-15മുതൽ 8-6-15വരെ |
| | ശ്രീ.വിനോദ്കുമാർ | 9-6-15 മുതൽ 21-715 വരെ |
| | ശ്രീ.ബിജു.സി.നായർ | 22-7-15 മുതൽ 31-3-16 |
| അസി.എഞ്ചിനീയർ | ശ്രീമതി. ബിന്ദു.എസ് | 1-4-15 മുതൽ 31-3-16 വരെ |
| മെഡി.ഓഫീസർ ഹോമിയോ | ഡോ.സി.ഡി.മനോജ് | 1-4-15 മുതൽ 31-3-16 വരെ |
| ആയുർവേദം | ഡോ.പരികുമാർ നമ്പൂതിരി | 1-4-15 മുതൽ 31-3-16 വരെ |
| പി.എച്ച്.സി | ഡോ.എൻ.ബി.മനോജ് | 1-4-15 മുതൽ 31-3-16 വരെ |
| വി.ഇ.ഒ | ശ്രീ.സുജിത്ത് | 1-4-15 മുതൽ 31-3-16 വരെ |
| | ശ്രീമതി. എം.എം.ജയശ്രീ | 1-4-15 മുതൽ 31-3-16 വരെ |
| അഗ്രി.ഓഫീസർ | ശ്രീ. ആർ.പ്രദീപ്കുമാർ | 1-4-15 മുതൽ 31-3-16 വരെ |
| വെറ്റി.സർജൻ | ശ്രീമതി. ആർ.രശ്മി | 1-4-15 മുതൽ 31-3-16 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ജമീല | 1-4-15 മുതൽ 31-3-16 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം – 1 | | |
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | ആഭ്യന്തര നിയന്ത്രണം | 1(10) | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(11) | |

| | | | |
|---|---|---|---|
| | ഭാഗം-II | | |
| 12 | അർഹമായ മോട്ടോർ ഫീ ഈടാക്കുന്നില്ല | 2-1 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-2 | |
| 14 | സ്വകാര്യ ആശുപത്രിയുടെ എല്ലാ നിലകൾക്കും നികുതി ഈടാക്കുന്നില്ല | 2-3 | |
| 15 | പ്രമുഖ ദിനപത്രത്തിന്റെ പ്രിന്റിംഗ് യൂണിറ്റിന് നികുതിയില്ല. | 2-4 | |

| | | | |
|---|---|---|---|
| | ഭാഗം-III | | |
| 16 | ഒരു വീട്ടിൽ ഒരു ടാപ്പ് പദ്ധതി - പ്രവൃത്തികൾ ആരംഭിച്ചില്ല | 3(1) | |
| 17 | ആനുകൂല്യം തിരിച്ചടച്ചത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 3(2) | |
| 18 | പി.എച്ച്.സി -യ്ക്ക് പുതിയ കെട്ടിടം ഉപയോഗിക്കുന്നില്ല. മരുന്നുകൾ പഴയ കെട്ടിട വരാന്തയിൽ സൂക്ഷിക്കുന്നു. | 3(3) | |

| | | | |
|---|---|---|---|
| 19 | ഐ.കെ.എം വിഹിതം നൽകൽ - അധികം തുക അനുവദിച്ചു | 3(4) | |
| 20 | അംഗനവാടിക്ക് സ്ഥലം വാങ്ങൽ വിനിയോഗ വിവരമില്ല. | 3(5) | |
| 21 | നെൽകൃഷി വികസനം - വിത്ത് കൈപ്പറ്റിയെങ്കിലും കൃഷി നടപ്പാക്കിയില്ല | 3(6) | |
| 22 | എസ്.എസ്.എ വിഹിതം അനുവദിച്ചത് - വിനിയോഗ വിവരമില്ല. | 3(7) | |
| 23 | ഐ.എ.വൈ അധിക വിഹിതം- യഥാർത്ഥ സ്ഥിതി വിവരം ബോധ്യപ്പെടുന്നില്ല. | 3(8) | |
| 24 | മെഡി.ഓഫീസർ, പി.എച്ച്.സി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3(9) | |
| 25 | അംഗനവാടി പോഷകാഹാര പരിപാടി - കേന്ദ്രാവിഷ്കൃത വിഹിതം ഉപയോഗിച്ചില്ല | 3(10) | |
| 26 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3(11) | |
| 27 | ആശ്രയ പദ്ധതി നടത്തിപ്പിന്റെ അവലോകനം | 3(12) | |
| 28 | സഹകരണ ബാങ്ക് അക്കൗണ്ടിൽ നിന്നും അർഹമായ പലിശ ലഭിക്കുന്നില്ല | 3(13) | |
| 29 | എസ്.എൽ.ഐ വരിസംഖ്യ ശമ്പളത്തിനാനുപാതികമായി ഈടാക്കുന്നില്ല | 3(14) | |
| 30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3(15) | |

| | | | |
|---|---|---|---|
| 31 | തെരുവ് വിളക്ക് പരിപാലനം അപാകതകൾ | 3(16) | |
| | ഭാഗം-IV | | |
| 32 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 37 | ഓഡിറ്റ് റിക്കവറി | 4(6) | |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4(8) | |
| 40 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | 4(10) | |

## ഭാഗം 1

### പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബഡ്ജറ്റ് 26.03.2015 -ലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

**1-2** വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 26-7-16 |

**1-3** വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015 – 16 | 14.10.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

1.തനത് ഫണ്ട് അക്കൗണ്ട് സൂക്ഷിച്ചിട്ടുള്ള ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ടിന്റെ മുന്നിരിപ്പ് തുക പൊരുത്തപ്പെടുത്തൽ നടത്തി ക്രമീകരിച്ചിട്ടില്ല.

2.പരസ്യ നികുതി വരുമാനം അഡ്വാൻസ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

3.തൊഴിൽ നികുതി മുൻകൂർ വരുമാനം ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4.മാർക്കറ്റ് ലേലമിനത്തിലെ വരവ് തുക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

5.നിക്ഷേപയിനത്തിലെ നീക്കിയിരിപ്പിന്റെ ഇനം തിരിച്ചുള്ള വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തിയില്ല.

6.സംശയാസ്പദമായ വരവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല.

7.സ്റ്റോക്കിന്റെ മൂല്യം കണക്കാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ല.

8.ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട് അസി. സെക്രട്ടറി,കുടുംബശ്രീ സി.ഡി.എസ് എന്നിവർ സൂക്ഷിക്കുന്ന ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നം.15296, കൊട്ടിയം , സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിലെ അക്കൗണ്ട് നം. 3498882540, ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസിഡന്റ് , വി.ഇ.ഒ എന്നിവരുടെ പേരിലുള്ള കോ-ഓപ്പറേറ്റീവ് ബാങ്കിലുള്ള അക്കൗണ്ട് നം.15050 എന്നിവയിലെ നീക്കിയിരിപ്പ് ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

9.തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ധനകാര്യപത്രികയിൽ സൂചിപ്പിച്ച വിവരങ്ങളുടെ ആധികാരികത പരിശോധിക്കാനായില്ല.

10.ബി ഫണ്ട് വരവ് ചെലവ് കണക്കുകളുടെ കൃത്യത ബോധ്യപ്പെടുത്തിയില്ല.

11. കർഷകതൊഴിലാളി പെൻഷൻ തുകയുടെ വിവരം ധനകാര്യ പത്രികയിൽ സൂചിപ്പിച്ചിട്ടില്ല.

12. സംയുക്ത പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ വരവ് ചെലവ് കണക്കുകളുടെ ആധികാരികത വ്യക്തമാക്കിയില്ല. ടി വിഹിതങ്ങളുടെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി -35343180/-

വരവ്-54058325/-

ആകെ-89401505/-

ചെലവ്-63958402/-

നീക്കിബാക്കി-25443103/-

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1591002/- | 5011984 | 15111120/- | 15111120/- | 8508134 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 3235498/- | 4860854/- | 8096352/- | 6874838/- | 1221514/- | 0 |
| വികസനഫണ്ട് (ടി.എസ്.പി) | - | 62000/- | 62000/- | 62000/- | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 948424/- | 3873906/- | 4822330/- | 5745999/- | - | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2212039/- | 2367794/- | 4579833/- | 3656164/- | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2710917/- | 9429922/- | 12140839/- | 7760130/- | 4380709/- | 0 |
| ലോക ബാങ്ക് സഹായം | 3240400/- | 2355275/- | 5595675/- | 2689764/- | 2905911/- | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 0 | 498005 | 498005 | 495011 | - | 2994 |
| ബി. ഫണ്ട് | 0 | 34362600 | 34362600 | 3436200 | - | |

ബി. ഫണ്ട്, എം.എൻ.ആർ.ഇ.ജി.എസ്. എന്നീ ഫണ്ടുകളുടെ വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ എ.എഫ്. പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 62364145 | 96 | 42604249 | 20 | 36 | 63.32 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിലേ തനതു വരിമാനത്തിൽ താഴെ പറയും പ്രകാരം 5.35 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7067141 | 6238494 | 828647 | |
| നികുതിയേതര വരവുകൾ | 2906467 | 1803368 | 1103099 | |
| മറ്റ് വരവുകൾ | 9179563 | 10086569 | 907006 | |
| ആകെ | 19153171 | 18128431 | 1024740 | (-)5.3% |

## 1-8 ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | ലഭ്യമാക്കിയില്ല | 178 |
| 2 | തൊഴിൽ രഹിത വേതനം | 521280 | 580 |
| 3 | വിധവാ പെൻഷൻ | 14615920 | 1533 |
| 4 | വികലാംഗ പെൻഷൻ | 4184760 | 396 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 293480 | 28 |
| 6 | വാർദ്ധക്യകാല പെൻഷൻ | 13967160 | 1758 |

കർഷകതൊഴിലാളി പെൻഷൻ വരവ് ചെലവ് തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ആകെ 7020/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10... ആഭ്യന്തര നിയന്ത്രണം

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വരുമാന സ്രോതസുകൾ കൂടുതൽ ചൂഷണം ചെയ്യുന്നതിനും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടിയുണ്ടാവുന്നില്ല. പദ്ധതി പണം ചെലവഴിക്കുന്നതിനും കാര്യക്ഷമതയില്ല. നിർവഹണ ഉദ്യോഗസ്ഥർ കൂടുതൽ വികസനോന്മുഖമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. സെക്രട്ടറിയുടെ ഭാഗത്ത് നിന്നും പതിവ് പദ്ധതികൾക്കപ്പുറം പഞ്ചായത്തിന്റെ നാനാവിധത്തിലുള്ള അഭിവൃദ്ധി ലക്ഷ്യമിട്ട് കൂടുതൽ പദ്ധതികൾ

നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി സ്കൂൾ ഹെഡ്മാസ്റ്ററെ കൂടി വിർവഹണ ഉദ്യോഗസ്ഥനായി ഉൾപ്പെടുത്തേണ്ടതാണ്. തനത് വരുമാനം, ഇതര പദ്ധതി പണം എന്നിവ പലിശ വരുമാനം കുറഞ്ഞ സഹകരണ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20-7-16 , 21-7-16 | 06/16 | 22-9-16 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | | 1997-98<br>2007-08 | 19-6-08 |

## ഭാഗം-2

### വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അർഹമായ മോട്ടോർ ഫീ ഈടാക്കിയിട്ടില്ല

യന്ത്രവൽകൃത വ്യവസായങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി മോട്ടോർ ഫീ ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. അർഹമായ മോട്ടോർ ഫീ ഈടാക്കാതിരുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ വിലാസം | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി | ഈടാ ക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|---|
| 1- | മിനി ഷിഹാബ്<br>കുന്നും പുറത്ത് ബംഗ്ലാവ്, ഇത്തിക്കര | ഫ്ളവർ മിൽ | 20 HP | 200 | 200 |
| 2- | സുഗതൻ<br>ചൈതന്യ , ആദിച്ചനല്ലൂർ | സർവ്വീസ് സ്റ്റേഷൻ | 5 HP | 50 | 50 |
| 3- | ഷേർളി വിക്ടർ<br>പുതുവിള കിഴകകതിൽ, മൈലക്കാട് | ഫ്ളവർ മിൽ | 10 HP | 100 | 100 |
| 4- | എൻ. സതീഷ് കുമാർ<br>വൈഷ്ണവം , വെളിച്ചിക്കാല, | ഫ്ളവർ മിൽ | 15 HP | 200 | 200 |

| | | | | | |
|---|---|---|---|---|---|
| | ആദിച്ചനല്ലൂർ | | | | |
| 5- | ബെൽസിത്ത്<br>ലീനാ നിവസ്,മൈലക്കാട് | സർവ്വീസ് സ്റ്റേഷൻ | 4 HP | 50 | 50 |
| | | | | ആകെ | 600/- |

ടി സ്ഥാപനങ്ങളിൽ നിന്നും ലേറ്റ് ഫീ ഉൾപടെയുള്ള മോട്ടോർ ഫീ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കില്ല

കേരള പഞ്ചായത്ത് രാജ് അക്ട് തൊഴിൽ നികുതി ചട്ടം (കേരള പഞ്ചായത്ത് രാജ് അക്ട് 3(2) മുതൽ (11) വരെ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധ വർഷവും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | 2015-16 |
|---|---|---|
| 1- | ബി എസ് എൻ എൽ | I , II |
| 2- | ശ്രീനാരായണ ട്രസ്റ്റ് പ്രൈവറ്റ് ഐ ടി ഐ, കൊട്ടിയം | I , II |
| 3- | മാവേലി സ്റ്റോർ, മൈലക്കാട് | I , II |
| 4- | കാനറ ബാങ്ക്, കൊട്ടിയം | II |
| 5- | ഓക്സ്സിലിയം സ്കൂൾ, കൊട്ടിയം | I , II |
| 6- | ബോൺ കാർഗോസ് പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടിയം | II |
| 7- | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ,ആദിച്ചനല്ലൂർ | I , II |
| 8- | ബിജൊയ്സ് ഹോസ്പിറ്റൽ, കൊട്ടിയം | I , II |
| 9- | ഹോളി ക്രോസ്സ് ഹോസ്പിറ്റൽ, കൊട്ടിയം | I , II |
| 10- | സിംല ടെക്സ്റ്റൈൽസ് ,കൊട്ടിയം | I , II |
| 11- | ദി കിംഗസ് സ്കൂൾ , കൊട്ടിയം | I , II |

| | | |
|---|---|---|
| 12- | എസ് .ബി ടി , കൊട്ടിയം | I , II |
| 13- | ഫെഡറൽ ബാങ്ക്, കൊട്ടിയം | I , II |
| 14- | സെൻട്രൽ ബാങ്ക് ഓഫ് ഇന്ഡ്യ, കൊട്ടിയം | I , II |
| 15- | മുത്തൂറ്റ് ഫിൻകോർപ്പ്, കൊട്ടിയം | I |
| 16- | പൊപ്പുലർ ഫിനാൻസ്, കൊട്ടിയം | II |
| 17- | കിംസ് ഹോസ്പിറ്റൽ, സിതാര ജംഗ്ക്ഷൻ, കൊട്ടിയം | I , II |
| 18- | അഡെക്കോ ഇന്ത്യ പ്രൈവേറ്റ് ലിമിറ്റഡ്, കൊട്ടിയം | I , II |
| 19- | റീജിയണൽ എ ഐ സെന്റർ, കൊട്ടിയം | I , II |
| 20- | പെപ്സിക്കോ , കൊട്ടിയം | I , II |
| 21- | ഹോട്ടൽ സൂര്യ, കൊട്ടിയം | I , II |
| 22- | എഷ്യൻ പെന്റസ് | I , II |
| 23- | മഠത്തിൽ റിജൻസി | II |
| 24- | ഗ്രീണലാന്റ് പെപർ മിൽ | I , II |
| 25- | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ , കൊട്ടിയം | I , II |
| 26- | സൗത്ത് ഇന്ത്യൻ ബാങ്ക് ,കൊട്ടിയം | I , II |
| 27- | റിലയൻസ് ,കൊട്ടിയം | I , II |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നു സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2-3** <u>സ്വകാര്യ ആശുപത്രിയുടെ മൂന്നുംനാലും നിലകൾക്ക് നികുതി ഈടാക്കുന്നില്ല</u>

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കൊട്ടിയത്ത് സ്ഥിതി ചെയ്യുന്ന കിംസ് എന്ന സ്വകാര്യ ആശുപത്രിയുടെ

546 മുതൽ 590 വരെയുള്ള കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടുള്ളതായി കണ്ടു. ഇതിൽ 546 മുതൽ 556 വരെയുള്ള കെട്ടിടങ്ങൾക്ക് കടമുറികളാണെന്നും, ആശുപത്രിയുടെ 557/2016-ാം നമ്പർ പ്രധാന കെട്ടിടത്തിന് (പഴയ അ/സ്സ് മെന്റ് നമ്പർ 766/2009) 2 നിലകൾ ഉള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന് പുതുക്കിയ നിരക്കിൽ 26.08.2016ലെ 116025000003ാം നമ്പർ രസീത് പ്രകാരം നികുതിയും ലൈബ്രറി സെസ്സ് ഉൾപ്പെട 43,049/- രൂപ അടച്ചിട്ടുണ്ട്.

22.10.2016 പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ബിന്ദു.എസിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കിംസ് ആശുപത്രിയുടെ 557/2016-ാം നമ്പർ പ്രധാന കെട്ടിടത്തിന് 4 നിലകൾ (Ground Floor, $1^{st}$, $2^{nd}$ & $3^{rd}$ ) ഉള്ളതായി കാണപ്പെട്ടു. മുകളിലെ രണ്ട് നിലകൾക്ക് കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മിക്കപ്പെട്ടതാണെന്ന് രജിസ്റ്റർ പ്രകാരം വ്യക്തമാകുന്നു. ആയത് അസസ് ചെയ്യുകയോ നികുതി അടക്കുകയോ ചെയ്തിട്ടില്ല. കടമുറികളായി രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നിലയിൽ (Ground loor) ആശുപത്രി കാന്റീനും, ഓഫീസ് മുറികളും മുകളിലത്തെ ഒന്നാം നിലയിൽ (First Floor) വിവിധ ഓ.പി വിഭാഗങ്ങളും, സ്കാനിംഗ് സെന്ററും പ്രവർത്തിക്കുന്നു. പിറക് വശത്ത് മൂന്ന് നിലകളുള്ള ഒരു എക്സ്റ്റൻഷൻ ബ്ലോക്കും (Ground Floor, $1^{st}$ $2^{nd}$ ) അടുത്ത നിലയ്ക്ക് 2 മീറ്ററിൽ കൂടുതൽ ഉയരത്തിൽ ബർസാത്തി കെട്ടി വശങ്ങളിൽ ഭിത്തികെട്ടി മറച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങൾക്കൊന്നും തന്നെ പഞ്ചായത്ത് നമ്പർ പതിച്ചിട്ടില്ല.

മേൽ പ്രാദേശിക പരിശോധന, നികുതി നിർണ്ണയ രജിസ്റ്റർ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ന്യൂനതകൾ ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിരിക്കുന്നു.

1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 2 ലെ ചട്ടം 4 (3) പ്രകാരം യാതൊരാളും സെക്രട്ടറിയിൽ നിന്നും മുൻകൂർ അനുമതികൂടാതെ, നിലവിലുള്ള ഒരു കെട്ടിടത്തിനെ ഒരു വിനിയോഗ വിഭാഗത്തിൽ നിന്നും മറ്റൊരു വിനിയോഗ വിഭാഗമായി മാറ്റാൻ പാടില്ല എന്നിരിക്കെ കടമുറികൾ ആശുപത്രി ആവശ്യത്തിനായി വിനിയോഗിച്ചിരിക്കുന്നു.

2. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 2 ലെ ചട്ടം 5(1) പ്രകാരം പുനർ വികസിപ്പിക്കുന്നതിനുള്ള അപ്പൻഡിക്സ് എ.എ.ഫാറത്തിലെ അപേക്ഷ നൽകാതെ അനധികൃതമായാണ് പ്രധാന അശുപത്രി കെട്ടിടം രണ്ട് നിലകൾ കൂടി കൂട്ടിച്ചേർത്ത് വികസിപ്പിച്ചിട്ടുള്ളത്.

3. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 8 പ്രകാരം എയർ കണ്ടീഷനിംഗ് സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനപ്രകാരം കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സൗകര്യത്തിനുള്ള 10% വർദ്ധന നിലവിലുള്ള കെട്ടിടങ്ങൾക്കും അനധികൃതമായി നിർമ്മിച്ച 3, 4 നിലകെട്ടിടങ്ങൾക്കും ഈടാക്കിയിട്ടില്ല.

4. അദ്ധ്യായം 4 ലെ സൈറ്റിന്റെയും കെട്ടിടത്തിന്റെയും ആവശ്യകതകൾ സംബന്ധിച്ച പൊതുവ്യവസ്ഥകൾ, അദ്ധ്യായം 7 ലെ ചില ഓക്യൂപൻസി (വിനിയോഗ) കെട്ടിടങ്ങൾക്കുള്ള വിശേഷാൽ വ്യവസ്ഥകളിലെ ചട്ടം 56 ഗ്രൂപ്പ് സി (2) യിലെ

വ്യവസ്ഥകൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, ഫയർ & സേഫ്റ്റി വിഭാഗത്തിന്റെയും സാക്ഷ്യപത്രങ്ങൾ, അദ്ധ്യായം 19ലെ പൊക്കം കൂടിയ കെട്ടിടങ്ങൾക്കുള്ള സുരക്ഷാ വ്യവസ്ഥകളിലെ കോണിപ്പടി, സുരക്ഷാ കൈവരി, അഗ്നിബാധയിൽ നിന്നും രക്ഷപെടാനുള്ള കോണിപ്പടികൾ എന്നീ വ്യവസ്ഥകൾ അത്യാവശ്യമായിരിക്കെ മേൽ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പ്രധാന അശുപത്രി കെട്ടിടം രണ്ട് നിലകൾ കൂടി കൂട്ടിച്ചേർത്ത് വികസിപ്പിച്ചിട്ടുള്ളത്.

5. ആശുപത്രിയിലെ എക്സ്-റേ യൂണിറ്റ്, സ്കാനിംഗ് സെന്റർ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച ലൈസൻസുകൾ ഹാജരാക്കിയിട്ടില്ല. ഒരു പ്രദേശത്തിന്റെ ആസൂത്രിതമായ വികസനത്തിനും ഒരു കെട്ടിടത്തിലെ താമസക്കാരുടെയും പൊതുജനങ്ങളുടെയും നന്മയും സുരക്ഷിതത്വവും ലക്ഷ്യമാക്കിക്കൊണ്ടുമാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. ഇതിലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. പാർക്കിംഗ് സ്ഥലങ്ങൾ അഗ്നിശമന ഉപാധികൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ബാധകമാകുന്ന കെട്ടിടസമുച്ചയങ്ങളുടെയോ ഫ്ലാറ്റുകളുടെയോ മറ്റും സംഗതികളിൽ ഇളവുകൾ യാതൊരു കാരണവശാലും ബാധകമാകുന്നതല്ല എന്ന് ബഹു. കേരള ഹൈക്കോടതിയുടെ 2004 ലെ ഉത്തരവ് നിലനിൽക്കെയാണ് പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി സുരക്ഷാ നിയമങ്ങൾ പാലിക്കാതെയാണ് പ്രശസ്തമായ ആശുപത്രി പ്രവർത്തിക്കുന്നത്. ജില്ലയിൽ നടക്കുന്ന എല്ലാ നിയമ വിരുദ്ധ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും അവ സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിലേക്കുമായി കേരള സംസ്ഥാന തദ്ദേശ സ്വയംഭരണവകുപ്പിന്റെ (ആർ.എ) 04.08.2009ലെ ഉത്തരവ് നമ്പർ 154/2009 തസ്വഭവ പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉൾപ്പെടെ 4 ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന ജില്ലാ വിജിലൻസ് സ്ക്വാഡിനെ നിയമിച്ചിട്ടുണ്ടെങ്കിലും നാഷണൽ ഹൈവേയുടെ സമീപം സ്ഥിതി ചെയ്യുന്ന ഈ കെട്ടിടത്തിലെ അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതും നീതീകരിക്കത്തക്കതല്ല. ആയതിനാൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്കരിക്കാവുന്നതാണെങ്കിൽ ആയത് ക്രമവത്കരിച്ച് നാളിതുവരെയുള്ള നികുതി പലിശയും പിഴയും സഹിതം ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 3,ലെയും 3- 19 (iii) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 <u>പ്രമുഖ പത്രത്തിന്റെ പ്രിന്റിംഗ് യൂണിറ്റിന് ലൈസൻസില്ല.</u>

കൊട്ടിയം ശ്രീനാരായണ പോളിടെക്നിക്കിനു സമീപം പ്രവർത്തിക്കുന്ന മലയാള മനോരമ പത്രത്തിന്റ പുതിയതായി ആരംഭിച്ച പ്രിന്റിംഗ് യൂണിറ്റ് ലെസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏത് ആവശ്യത്തിനും പഞ്ചായത്ത് പ്രദേശത്തെ സ്ഥലം ഉപയോഗിക്കാൻ പാടില്ല. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ 233- (1) എ, ബി വകുപ്പുകൾ - യാതൊരാളും, ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെയും, ആ അനുമതിയിൽ നിർദ്ദേശിച്ചിട്ടുള്ള

ഉപാധികൾക്കനുസൃതമല്ലാതെയും ആവി ശക്തിയോ, ജലശക്തിയോ വൈദ്യുത ശക്തിയോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയോ, വർക്ക് ഷോപ്പോ, പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ , ഏതെങ്കിലും യന്ത്രമോ നിർമ്മാണ യന്ത്രമോ ഏതെങ്കിലും പരിസരത്ത് സ്ഥാപിക്കുവാൻ പാടില്ലാത്തതുമാണ്. എന്നാൽ കൊട്ടിയം ശ്രീനാരായണ പോളിടെക്നിക്കിനു സമീപം പ്രമുഖ പത്രത്തിന്റ പുതിയതായി ആരംഭിച്ച പ്രിന്റിംഗ് യൂണിറ്റ് ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത്. 22.10.2016 ൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ബിന്ദു.എസിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഈ പ്രസ്സ് പ്രവർത്തിക്കുന്നത് 800 എച്ച്.പി ഉപയോഗിക്കുന്ന ജപ്പാൻ നിർമ്മിത മെഷീനും 450 എച്ച്.പി യുള്ള ഇന്ത്യൻ നിർമ്മിത മെഷീനും ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതായി കണ്ടെത്തി. ഡി & ഒ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്വെയർ എന്നിവ പരിശോധിച്ചതിൽ ഈ സ്ഥാപനം ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൃത്യമായി പാലിച്ച് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി (ബിൽഡിംഗ് പെർമിറ്റ് ) നൽകി പണിപൂർത്തീകരിച്ച് കെട്ടിടത്തിന് നമ്പർ (XIV/1014) നൽകിയിട്ടുള്ളതാണ്. ആയതിനാൽ ഇത്തരത്തിൽ ഒരു പ്രസ്സ് സ്ഥാപിച്ചിട്ടുള്ള വിവരം പഞ്ചായത്തിന് അറിവുള്ളതായിരിക്കെ ഈ സ്ഥാപനത്തിൽ നിന്നും ഡി & ഒ ലെസൻസ് ഡിമാന്റ് ചെയ്യാതിരുന്നത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ സ്ഥാപനത്തിൽ നിന്നും 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18, 19 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പട്ടിക IIIപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതും കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ 255-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിക്കുകയും ഈ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 "ഒരു വീട്ടിൽ ഒരു ടാപ്പ് പദ്ധതി" - പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

അസി.സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം.147/16- ഒരു വീട്ടിൽ ഒരു ടാപ്പ് പദ്ധതി പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും 1500000/- രൂപ അടങ്കൾ നിശ്ചയിച്ച് 1500000/- രൂപ ചെലവഴിച്ചു. നാലാം വാർഡിലെയും സമീപ പ്രദേശങ്ങളിലെയും പ്ളാക്കാട് എസ്.സി കോളനി എന്നിവിടങ്ങളിലെയും പട്ടികജാതി കുടുംബങ്ങളിലെയും ഒരു വീട്ടിൽ ഒരു ടാപ്പ് സ്ഥാപിച്ച് വാട്ടർ കണക്ഷൻ നൽകാനാണ് പദ്ധതി.കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം തുക ഡിപ്പോസിറ്റ് ചെയ്യാനാണ് പദ്ധതി.

കേരള വാട്ടർ അതോറിറ്റി എക്സി. എൻഞ്ചിനീയറുടെ 26-3-16 ലെ DB1 118/2013ാം നം.

എസ്റ്റിമേറ്റ് പ്രകാരം 1500000/- ആവശ്യപ്പെട്ടു. 29-3-16 ലെ ബിൽ നം. 7 പ്രകാരം 1500000/- രൂപ പിൻവലിച്ച് 30-3-16ലെ ഡി.ഡി നം. 357492 പ്രകാരം വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കി. 4-4-2016 ൽ പദ്ധതി പ്രവർത്തനത്തിനായി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടു.തുകയുടെ വിനിയോഗ വിവരം ആവശ്യപ്പെട്ടതിൻ പ്രകാരം 17-10-16 ലെ കേരള വാട്ടർ അതോറിറ്റി, കൊല്ലം പി.എച്ച് ഡിവിഷൻ എക്സി. എൻഞ്ചിനീയറുടെ AB-1/2925/2016 ാം നം. കത്ത് പ്രകാരം പ്രവർത്തിയുടെ ടെണ്ടർ നടപടികൾ മാത്രം നാളിതുവരെ പൂർത്തീകരിച്ചതായി അറിയിച്ചു.

വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാക്കിയ എസ്റ്റിമേറ്റ് പ്രകാരം കുടിവെള്ള പൈപ്പ് ലൈൻ നീട്ടലിനും ടാപ്പ് സ്ഥാപിക്കാനുമാണ് പദ്ധതി. എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നോ, അവർക്കായി എത്ര ടാപ്പ് കണക്ഷൻ ആവശ്യമുണ്ടെന്നോ നിർണ്ണയിച്ചിട്ടില്ലാത്തതായി കാണുന്നു. യഥാർത്ഥത്തിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.തുക കൈമാറി ആറുമാസത്തോളം ആയിട്ടും പദ്ധതിയുടെ പ്രാരംഭ നടപടികൾ പോലും പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11, തീയതി-21-10-16) മറുപടി ലഭ്യമാക്കിയില്ല. മേൽക്കാരണത്താൽ പദ്ധതിക്കായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 <u>ആനുകൂല്യം നൽകിയ തുക തിരിച്ചടച്ചത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.</u>

ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിൽ ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയിൽ നിന്നും 30.10.2012 ൽ തിരികെ ഈടാക്കിയ തുകയാണ് തനത് ഫണ്ട് അക്കൗണ്ടിൽ തിരിച്ചടയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത്.

ശ്രീമതി . ഉഷ, മോഹനൻ, പുലിപ്പാറ മേലതിൽ, തഴുത്തലയ്ക്ക് ഭവന നിർമ്മാണത്തിന് 2009-2010സാമ്പത്തിക വർഷത്തിൽ 75,000/- രൂപ ധനസഹായമിനത്തിൽ ലഭ്യമാക്കിയിരുന്നു. ഈ ധനസഹായത്താൽ നിർമ്മിച്ച വീടും വസ്തുവും വിൽക്കുന്നതിനായി കൈപ്പറ്റിയ ആനുകൂല്യത്തുക 12% പലിശ സഹിതം 1,07,442/-രൂപ തിരികെ അടവാക്കിയിരുന്നു. ഈ തുക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെയും വി.ഇ.ഒയുടെയും പേരിലുള്ള ആദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തത്തിലെ 15050-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.ഈ തുകയ്ക്ക് നാളിതുവരെ പലിശ ലഭിക്കുകയോ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-20/22.10.2016ന് എത്രയു വേഗം തിരിച്ചടയ്ക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. അപ്രകാരം അദിച്ചനല്ലൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തത്തിലെ 15050-ാം നമ്പർ അക്കൗണ്ട് നിർത്തലാക്കുകയും 1,07,442/-രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം

അറിയിക്കേണ്ടതുമാണ്.

## 3-3... പുതിയ പി.എച്ച്.സി. കെട്ടിടം ഉപയോഗിക്കുന്നില്ല. മരുന്നുകൾ സൂക്ഷിക്കുന്നത് പഴയ കെട്ടിട വരാന്തയിൽ.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ (പ്രോ.നം.എസ്.ഒ 008/16) വാങ്ങിയ മരുന്നുകളുടെ സ്റ്റോക്ക് ആദിച്ചനല്ലൂർ പി.എച്ച്.സി. എൽ.ഡി.ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ പഞ്ചായത്ത് ഫണ്ട് വഴിയും, ഡിപ്പാർട്ട്മെന്റ് ഫണ്ട് വഴിയും വാങ്ങിയിട്ടുള്ള മരുന്നുകൾ സ്റ്റോർ മുറിയിൽ സൂക്ഷിക്കാൻ ഇടമില്ലാത്തതിനാൽ ബാക്കിയുള്ളവ പി.എച്ച്.സിയുടെ വരാന്തയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വരാന്തയിൽ മരുന്ന് സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞതിൽ സ്റ്റോർ റൂമിൽ സ്ഥലസൗകര്യമില്ലാത്തതിനാലാണ് എന്നാണ് ഫാർമസിസ്റ്റ് അറിയിച്ചത്.

2012-2013 വർഷം എം.പിയുടെ പ്രാദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടം ഉദ്ഘാടനം നിർവ്വഹിച്ചുവെങ്കിലും ആയത് ഉപയോഗക്ഷമമാക്കിയിട്ടില്ല. മരുന്നുകൾ ഗുണനിലവാരം നഷ്ടപ്പെടാതിരിക്കുന്നതിന് എയർ കണ്ടീഷൻ സൗകര്യമുള്ള മുറിയിൽ സൂക്ഷിക്കണമെന്നിരിക്കെ വരാന്തയിൽ സൂക്ഷിക്കുന്നത് ന്യായീകരിക്കത്തക്ക പ്രവർത്തിയല്ല.

പി.എച്ച്.സി യുടെ പുതിയ കെട്ടിടം ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കി മരുന്ന് സൂക്ഷിക്കുന്നതിനുള്ള നടപടികൾസ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഐ.കെ.എം വിഹിതം നൽകൽ- അധികം തുക അനുവദിച്ചിരിക്കുന്നു.

സെക്രട്ടറിയുടെ നിർവഹണത്തിൽ നടപ്പിലാക്കിയ പ്രോജക്റ്റ് നം. 155/16 - ഐ.കെ.എം വിഹിതം നൽകൽ എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 61460/- രൂപ വകയിരുത്തി ചെലവഴിച്ചു. സ.ഉ(സാധാ)നം. 1228/2016/തസ്വഭവ തീയതി- 8-3-16 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവർക്ക് ലഭിക്കുന്ന പ്ളാൻഫണ്ടിന്റെ 0.25% തുക നിർബന്ധമായും ഐ.കെ.എംന്റെ പ്രവർത്തനത്തിന് മാറ്റി വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൻവർഷം പ്ലാൻ ഫണ്ടിനത്തിൽ 16647812 രൂപ വരവ് വന്നിട്ടുണ്ട്.ആകയാൽ ഐ.കെ.എംന് അനുവദനീയമായ വിഹിതം - 16647812 X 0.25% =41620/-

അനുവദിച്ച വിഹിതം - 61460/-(ഡി.ഡി നം.357460,തീയതി-30-3-16)

അധികം അനുവദിച്ച തുക- 19840/-(61460-41620)

അധികം തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, തീയതി - 21-10-16) മറുപടി ലഭ്യമാക്കിയില്ല.മേൽക്കാരണത്താൽ അധികം അനുവദിച്ച 19840/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-5 <u>അംഗനവാടിയ്ക്ക് സ്ഥലം വാങ്ങൽ - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. 359350/-രൂപ തടസ്സപ്പെടുത്തുന്നു.</u>

സെക്രട്ടറിയുടെ നിർവഹണത്തിൽ നടപ്പിലാക്കിയ പ്രോജക്ട് നം. 87/15- അംഗനവാടിയ്ക്ക് സ്ഥലം വാങ്ങൽ പദ്ധതിക്കായി തനത് ഫണ്ട് 430000/- രൂപ വകയിരുത്തി. ആദിച്ചനല്ലൂർ വില്ലേജ് ബ്ളോക്ക് നം. 28, റീസർവ്വേ നം.35/32 ൽ പെട്ട 1.21 ആർ വസ്തു വാങ്ങുന്നതിനായാണ് തുക വകയിരുത്തിയത്.വസ്തു ആർജിക്കലുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങളുടെ ഭാഗമായി 19-3-15 ലെ വില്ലേജാഫീസറുടെ സാക്ഷ്യപത്രം പ്രകാരം ആർ ഒന്നിന് 371900/- രൂപ മതിപ്പ് വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്.ഇതിലും താഴ്ന്ന തുകയ്ക്കാണ് വസ്തു ആർജിച്ചത്. സ്ഥലം വാങ്ങിയതുമായി ബന്ധപ്പെട്ട് സ്ഥല വിലയായി 330000/-, രജിസ്ട്രേഷൻ ഫീസായി 6050/-രൂപ, മുദ്രപത്ര വിലയായി 19800/-രൂപ, എഴുത്ത് ഫീസായി 3590/-രൂപ എന്നിങ്ങനെ ആകെ 359350/-രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ചു. ഇതിൽ നിന്നും 14-5-15 ലെ ചെക്ക് നം.054629 പ്രകാരം 330000/- രൂപ ശ്രീ.കെ.ബേബി, കാവുവിള വീട് എന്ന വ്യക്തിയുടെ പേരിൽ മാറിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ വിവരമില്ല. അനുബന്ധ ചെലവുകൾക്കായി തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരവും ഓഡിറ്റിൽ ബോധ്യപ്പെടുത്തിയില്ല.മാത്രമല്ല ആർജ്ജിച്ച വസ്തു പേരിൽകൂട്ടി കരം ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. വാങ്ങിയ വസ്തു പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കിയില്ല.മേൽ വിവരിച്ച കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 359350/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-6 <u>നെൽകൃഷി വികസനം പദ്ധതി - വിത്ത് കൈപ്പറ്റിയ പാടശേഖര സമിതി കൃഷി നടത്തിയില്ല</u>

തൻ വർഷം നെൽകൃഷി വികസന പദ്ധതിക്കായി നെൽവിത്ത് ,ജൈവവളം, കൂലിച്ചെലവ് എന്നിവ അനുവദിച്ചിട്ടുണ്ട്.

പ്രോജക്ട് നം. 121/16 – നെൽകൃഷി വികസനം പദ്ധതിക്കായി വികസന ഫണ്ട്- 266000/-രൂപ, ഗുണ. വിഹിതം -456000/-രൂപ, ബ്ളോക്ക് വിഹിതം- 339000/- രൂപ, ജില്ലാപഞ്ചായത്ത് വിഹിതം -75000/- രൂപ ആകെ 1136000/- രൂപ വകയിരുത്തി. വികസന ഫണ്ട്-266000/-രൂപ, ബ്ളോക്ക് വിഹിതം- 311610/- രൂപ, ജില്ലാപഞ്ചായത്ത് വിഹിതം -60000/- രൂപ എന്നിങ്ങനെ തുകകൾ ചെലവഴിച്ചു.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ച് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 8-9-15 ലെ ബിൽ നം. 715/15-16 പ്രകാരം 155610/- രൂപ ചെലവഴിച്ചു 3990 കി.ഗ്രാം ഉമ നെൽവിത്ത് 39 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ആദിച്ചനല്ലൂർ പാടശേഖര സമിതിയുടെ 30 ഹെക്ടർ, കട്ടച്ചൽ-കുമ്മല്ലൂർ പാടശേഖര സമിതിയുടെ 10 ഹെക്ടർ, കൈതക്കുഴി പാടശേഖര സമിതിയുടെ 10 ഹെക്ടർ എന്നിങ്ങനെ ആകെ 50 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കായാണ് വിത്ത് വാങ്ങിയത്. താഴെ വിവരിക്കും പ്രകാരമാണ് വിത്ത് വിതരണം ചെയ്തിരിക്കുന്നത്.

ആദിച്ചനല്ലൂർ പാടശേഖര സമിതി - 2400 kg

കട്ടച്ചൽ-കുമ്മല്ലൂർ പാടശേഖര സമിതി - 780 kg

കൈതക്കുഴി പാടശേഖര സമിതി - 810kg

എന്നാൽ ആദിച്ചനല്ലൂർ പാടശേഖര സമിതിയുടെ 30 ഹെക്ടർ, കട്ടച്ചൽ-കുമ്മല്ലൂർ പാടശേഖര സമിതിയുടെ 10 ഹെക്ടർ സ്ഥലം എന്നിങ്ങനെ ആകെ 40ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നതിന് മാത്രമാണ് ഉഴവ് കൂലി, വള വിതരണം, കീടനാശിനി എന്നിവയ്ക്കായി തുകകൾ ചെലവഴിച്ചിട്ടുള്ളത്. കൂലിച്ചെലവായി ആകെ ഉഴവ് കൂലിയുടെ 60% ഗ്രാമപഞ്ചായത്ത് വിഹിതമായി 144000/- രൂപ അനുവദിച്ചത്.ജില്ലാ പഞ്ചായത്ത് വിഹിതമായി ആകെ ഉഴവ് കൂലിയുടെ 25% തുകയായ 60000/- രൂപ അനുവദിച്ചു.ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി ആകെ ഉഴവ് കൂലിയുടെ 15% തുകയായ 36000/- രൂപ എന്നിങ്ങനെ ആകെ 240000/- അനുവദിച്ചു. 40ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കായി രാസവള വിതരണത്തിനായി 120000/-, ജൈവവള വിതരണത്തിനായി 120000/- രൂപ എന്നിങ്ങനെ ആകെ 240000/- രൂപ ചെലവഴിച്ചു. 40 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കായി കീടനാശിനി വിതരണത്തിനായി 2000/- രൂപയും ചെലവിട്ടു.

കൈതക്കുഴി പാടശേഖര സമിതി കൃഷി നടത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12,തീയതി-21-10-16) മറുപടിയായി കൈതക്കുഴി പാടശേഖര സമിതിയുടെ കീഴിലുള്ള പാടശേഖരങ്ങളിൽ മഴക്കെടുതി മൂലം കൃഷി നടത്താൻ സാധിച്ചില്ലെന്ന് അറിയിച്ചു. ആകയാൽ ടി സമിതിക്കായി 810 kgനെൽവിത്ത് വിതരണം ചെയ്തതിന് ചെലവഴിച്ച31590/- രൂപ (810 x 39) പാഴ്ച്ചെലവായി. മറ്റു പാടശേഖരങ്ങളിൽ മഴക്കെടുതി ബാധിക്കാതെ ഒരു സമിതിയ്ക്ക് മാത്രം കൃഷി നടത്താൻ സാധിച്ചില്ലെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്താൽ ചെലവഴിച്ച31590/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 <u>എസ്.എസ്.എ വിഹിതം അനുവദിച്ചത് - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.</u>

2015-16 വർഷത്തിൽ പ്രോജക്ട് നം 4 - എസ്.എസ്.എ വിഹിതം ഒടുക്കൽ എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 1066736/- രൂപ വകയിരുത്തി.16-10-15ലെ ഡി.ഡി നം. 354664 പ്രകാരം 42570/- രൂപ, 21-12-15 ലെ ഡി.ഡി നം. 354930 പ്രകാരം 1024166/- രൂപ എന്നിങ്ങനെ തുകകൾ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ പേർക്ക് ഒടുക്കിയിട്ടുണ്ട്. എസ്.എസ്.എ, കൊല്ലം ജില്ല പ്രോജക്ട് ഓഫീസറുടെ തീയതി വയ്ക്കാത്ത കത്ത് പ്രകാരമാണ് തുക ഒടുക്കിയത്. എന്നാൽ പഞ്ചായത്ത് അധികാര പരിധിയിൽ വരുന്ന യു.പി / എൽ.പി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക ചെലവഴിച്ചു, പ്രവർത്തനങ്ങൾ എന്തൊക്കെ എന്നീ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനോ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയോ ബോധ്യപ്പെട്ടതിന്റെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ എസ്.എസ്.എയും തദ്ദേശസ്വയംഭരണ

സ്ഥാപനവും ചേർന്ന് ആക്ഷൻ പ്ളാൻ രൂപീകരിച്ചത് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതും അതാത് സ്കൂളുകളിലെ പ്രധാന അധ്യാപകൻ ആയത് വിലയിരുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ആക്ഷൻ പ്ളാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏതൊക്കെ സ്കൂളുകളിൽ നടപ്പിലാക്കി എന്നത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. എസ്.എസ്.എയിൽ നിന്നുള്ള വിനിയോഗ വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തിയില്ല. വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14,തീയതി- 21-10-16)മറുപടി ലഭ്യമാക്കിയില്ല.മേൽക്കാരണത്താൽ പദ്ധതിക്കായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഐ.എ.വൈ ഭവന നിർമ്മാണം പദ്ധതി - തുകകൾ ബ്ളോക്കിലേക്ക് ഒടുക്കിയത് യഥാർത്ഥ സ്ഥിതി വിവരം ബോധ്യപ്പെടുത്തിയില്ല.1380000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2015-16 വർഷത്തിൽ ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിക്കായി രണ്ട് പദ്ധതികൾ പ്രകാരം അധികവിഹിതം അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതി | അടങ്കൽ | ചെലവ് | ട്രഷറി ബിൽ നം., തീയതി |
|---|---|---|---|---|
| 1 | 159/16-ഐ.എ.വൈ ഭവന നിർമ്മാണം | 780000/-(വികസന ഫണ്ട്) | 780000/- | 38, 31-3-16 |
| 2 | 160/16-ഐ.എ.വൈ ഭവന നിർമ്മാണം- | 600000/- (വികസന ഫണ്ട് എസ്.സി.പി) | 600000/- | 39, 31-3-16 |
| | ആകെ | | 1380000/- രൂപ | |

ഐ.എ.വൈ അധിക വിഹിതമായി തുകകൾ അനുവദിച്ചത് ഭവന നിർമ്മാണത്തിന് വിനിയോഗിച്ചിട്ടുണ്ടെന്ന് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വിവരം അറിയിക്കേണ്ടതാണ്. എത്ര ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി എഗ്രിമെന്റ് വച്ചിട്ടുണ്ട് എന്നും, പദ്ധതി പൂർത്തീകരണത്തിന്റെ അവസ്ഥയെ സംബന്ധിച്ചും വിലയിരുത്തൽ നടത്തിയതിന്റെ വിവരം ബോധ്യപ്പെടുത്തിയില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16,തീയതി-20-10-16) മറുപടി ലഭ്യമാക്കിയില്ല. മേൽക്കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 1380000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-9... പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ 2,52,754/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ (പ്രോ.നം.എസ്.ഒ008/16) പ്രോജക്ടിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 3,00,000/-രൂപ ബിൽ നമ്പർ 01/2015-2016 തീയതി 17.07.2016 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും നാളിതുവരെ 47,246/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2014-2015 സാമ്പത്തിക വർഷം മരുന്ന് വാങ്ങൽ പദ്ധതിയിലും 20,035 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

മരുന്നുകൾ ലഭ്യമാകത്തതിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധമായ രേഖാമൂലമുള്ള മറുപടി ഓഡിറ്റന്വേഷണം നം.21 തീയതി.20-10-16 മുഖേനെആവശ്യപ്പെട്ടപ്പോൾ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാമെന്ന് കാരുണ്യകമ്മ്യൂണിറ്റി ഫാർമസിയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-10 കേന്ദ്രാവിഷകൃത വിഹിതം 1,00,000/- രൂപ വിനിയോഗിച്ചിട്ടില്ല

ഐ സി ഡി എസ് നിർവഹണം ചെയ്ത പോജക്ട് നം. S0019/16 - അങ്കണവാടി പോഷകാഹാർ പരിപാടി, ജനറൽ, പ്രകാരം വികസന ഫണ്ടിൽ നിന്നു 25,00,000/- രൂപയും, കേന്ദ്ര വിഹിതം 1,00,000/- രൂപയും (ആകെ 26,00,000/-രൂപ) വകയിരിത്തിയിട്ടുണ്ട്. എന്നാൽ 25,00,000/- രൂപയും മാത്രമേ പോഷകാഹാർ പരിപാടിയ്ക്ക് വിനിയോഗിച്ചതായി കാണുന്നുള്ളൂ. കേന്ദ്രാവിഷ്കൃത വിഹിതം 1,00,000/- രൂപ വിനിയോഗിക്കാത്ത കാരണം ലഭ്യമാക്കാൻ എൻക്വയറി നം.8/20-10-16 നൽകിയിട്ടുള്ളതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-11 ICDS Supervisor നിർവഹണ ചെയ്ത പ്രോജക്ടിൽ വന്ന അപാകത

2015-16 വർഷത്തെ ICDS Supervisor നിർവഹണ ചെയ്ത പ്രോജക്ട് നം.S0019/16 അങ്കണവാടി പോഷകാഹാര പരിപാടി എന്ന പദ്ധതിയ്ക്കായി WBNP പ്രകാരം മാവേലിസ്റ്റോറിന്റെ 27-4-2015 തീയതിയിലെ Indent no.1533 പ്രകാരം 2050 kgഅരി വിതരണത്തിന് വന്നതായി കാണുന്നു. ഇതിന്നായി 2870/- രൂപ കയ്യറ്റിറക്ക് കൂലി (ബിൽ നം. 1 /തീ 23-7-2015) കൊടുത്തിട്ടുണ്ട്. എന്നാൽ 2000 Kg മാത്രമേ സൂപ്പർ വൈസറുടെ പക്കലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിട്ടുള്ളൂ. 50 Kg അരി കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 18/21-10-2016) മറുപടി ഹാജരാക്കിട്ടില്ല. കുറവ് വന്ന 50 Kg അരിയുടെ വില മാർക്കറ്റ് റേറ്റ് അനുസരിച്ച് ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

### 3-12 ആശ്രയ പദ്ധതി അവലോകനം

ആശ്രയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കാര്യമായ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

| ഇനം | ആശ്രയ ഒന്നാം ഘട്ടം. | ആശ്രയ രണ്ടാം ഘട്ടം. |
|---|---|---|
| ആകെ ഗുണഭോക്താക്കൾ | 42 | 95 |
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 32 | 24 |
| നാളിതു വരെ ലഭിച്ചവർ | 20 | - |
| വീട് ആവശ്യമുള്ളവർ | 41 | 37 |
| നാളിതു വരെ ലഭിച്ചവർ | 28 | 5 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | - | - |
| നാളിതു വരെ ലഭിച്ചവർ | - | - |
| കക്കൂസ് ആവശ്യമുള്ളവർ | 41 | 37 |
| നാളിതു വരെ ലഭിച്ചവർ | 23 | 5 |
| കുടിവെള്ളം ആവശ്യമുള്ളവർ | 14 | 39 |
| നാളിതു വരെ ലഭിച്ചവർ | 14 | - |
| കറന്റ് ആവശ്യമുള്ളവർ | 41 | - |
| നാളിതു വരെ ലഭിച്ചവർ | 28 | - |

ആശ്രയ ഒന്നാം ഘട്ട പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനം, അതിജീവന ആവശ്യങ്ങൾ എന്നിവയ്ക്കായി ആകെ 5021800/- രൂപ വകയിരുത്തിയതിൽ 3211300/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഒന്നാം ഘട്ട പദ്ധതി പ്രകാരം അർഹരായ 42 ഗുണഭോക്താക്കളിൽ 50 ശതമാനത്തോളം പേർക്ക് മാത്രമാണ് ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞത്.ഒന്നാം ഘട്ടത്തിലെ 42 ഗുണഭോക്താക്കളിൽ നിന്നും 17 പേർക്ക് തുടർ സേവനം ആവശ്യമാണെന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തി പ്രോജക്ട് സമർപ്പിച്ച് 141920/- രൂപയുടെ ചലഞ്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

ആശ്രയ രണ്ടാം ഘട്ട പദ്ധതി അടിസ്ഥാന സൗകര്യ വികസനം,അതിജീവന ആവശ്യങ്ങൾ എന്നിവയ്ക്കായി ആകെ രണ്ടാം ഘട്ടത്തിൽ 12176000/- രൂപ വകയിരുത്തിയതിൽ 823179/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഇതിൽ അർഹരായ 95 ഗുണഭോക്താക്കളിൽ 10 പേർക്ക് മാത്രമാണ് ആനുകൂല്യം ലഭ്യമാക്കാൻ നാളിതുവരെ കഴിഞ്ഞത്.

ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന ആശ്രയ രണ്ടാം ഘട്ട പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 15-16 വർഷത്തിൽ ഭവന നിർമ്മാണത്തിനായി 600000/- രൂപ, ഭക്ഷണത്തിനായി 116087/- രൂപ ,16-17 വർഷത്തിൽ ഭക്ഷണത്തിനായി 107092/- രൂപയുമാണ് നാളിതുവരെ ചെലവഴിച്ചത്.

ആശ്രയ ചലഞ്ച് ഫണ്ട് നിക്ഷേപിക്കുന്നതിനായി 5-11-15 ൽ കൊട്ടിയം , സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിൽ ആരംഭിച്ച അക്കൗണ്ട് നം. 3498882540ൽ 217283/- രൂപ

ബാലൻസുണ്ട്.ആശ്രയ പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നം. 15296ൽ 31-3-16 ൽ 2056677/- രൂപ ബാലൻസുണ്ട്. ഭീമമായ തുകകൾ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്നിട്ടും ഗുണഭോക്താക്കൾക്ക് ഹിതകരമായ രീതിയിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അധികൃതരുടെ ഭാഗത്ത് നിന്ന് വേണ്ടത്ര ശ്രദ്ധ ഉണ്ടാവുന്നില്ല.തുടർ വർഷങ്ങളിൽ കൂടുതൽ പദ്ധതികൾ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-13 <u>സഹകരണ ബാങ്കിൽ നിലനിൽക്കുന്ന അക്കൗണ്ടുകൾക്ക് അർഹമായ പലിശ ലഭ്യമാകുന്നില്ല.</u>

ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്, മറ്റ് പദ്ധതികളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ എന്നിവ ആദിച്ചനല്ലൂർ ആസ്ഥാനമായ ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പ്റേറ്റീവ് ബാങ്കിൽ നിലനിൽക്കുന്നു. എന്നാൽ ഈ നിക്ഷേപങ്ങൾക്ക് അർഹമായ പലിശ ബാങ്കിൽ നിന്നും ലഭിക്കുന്നില്ല. ഉദാഹരണമായി ആശ്രയ പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നം. 15296 ൽ 31-3-16 ൽ 2056677/- രൂപ നീക്കിയിരിപ്പുണ്ട്. 3-8-10 ൽ 200000/-രൂപ മുന്നിരിപ്പുണ്ടായിരുന്ന ടി അക്കൗണ്ടിന് നാമമാത്ര പലിശ മാത്രമാണ് നാളിതുവരെ ലഭിച്ചത്. 27-2-15 ൽ പദ്ധതി വിഹിതത്തിൽ നിന്നും 2000000/-രൂപ ഡെപ്പോസിറ്റ് ചെയ്ത ടി അക്കൗണ്ടിൽ 1-4-15 ൽ 2058227/- രൂപ മുന്നിരിപ്പും 31-3-16 ൽ 2056677/- രൂപ നീക്കിയിരിപ്പുമുണ്ട്. എന്നിരിന്നാലും ടി അക്കൗണ്ടിൽ തൻ വർഷം പലിശയിനത്തിൽ വരവ് വന്നിട്ടില്ല. പദ്ധതി വിഹിതത്തിൽ നിന്നും ഭീമമായ തുക മാറി ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കുന്നതിന് പകരം ടി ബാങ്കിൽ നിക്ഷേപിക്കുകയും ആയതിന് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിരക്കിലുള്ള പലിശ പോലും നൽകാതിരുന്ന നടപടി നീതീകരിക്കതക്കതല്ല.

തനത് ഫണ്ടിനായി ആരംഭിച്ചിട്ടുള്ള ആദിച്ചനല്ലൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നം. 11205ൽ 31-3-16 ലെ നീക്കിയിരിപ്പായി 4828876/- രൂപയുണ്ടെങ്കിലും തൻവർഷം പലിശ വരവൊന്നും വന്നിട്ടില്ല. എന്നാൽ തനത് ഫണ്ടിനായി ആരംഭിച്ചിട്ടുള്ള കാനറാ ബാങ്കിന്റെ അക്കൗണ്ട് നം.1548101031978 ൽ നിയമാനുസൃതമായ പലിശ ലഭിച്ചിട്ടുണ്ട്.

അർഹമായ കാലയളവിലേക്കുള്ള നിയമാനുസൃത നിരക്കിലുള്ള പലിശ മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിലവിലെ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്ന മേൽ അക്കൗണ്ടുകൾ അർഹമായ പലിശ ലഭ്യമാക്കുന്ന ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 <u>ജീവനക്കാരുടെ ശമ്പളത്തിൽനിന്നും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (ജി.ഐ.എസ്) വരിസംഖ്യ</u>

<u>ആനുപാതികമായി ഈടാക്കുന്നില്ല</u>

പഞ്ചായത്ത് കാര്യാലയത്തിലെ ചില ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (ജി.ഐ.എസ്) വരിസംഖ്യ അടിസ്ഥാന ശമ്പളനിരക്കിനനുസരിച്ച് ഈടാക്കുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ.ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (ജി.ഐ.എസ്)

| ക്രമ നമ്പർ | പേരും തസ്തികയും | അടിസ്ഥാനശമ്പളവും, ശമ്പള നിരക്കും(രൂപ) | ഈടാക്കേണ്ട ജി.ഐ.എസ്.(രൂപ) | ഈടാക്കേണ്ട ജി.ഐ.എസ്.(രൂപ) | കുറവ് (രൂപ) |
|---|---|---|---|---|---|
| 1 | ശ്രീ. സ്റ്റാർലി ഒ.എസ് ജൂനിയർ സൂപ്രണ്ട് | 20240 (16,180-29,180) | 250 | 100 | 150 |

ബി.സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ)

| ക്രമ നമ്പർ | പേരും തസ്തികയും | അടിസ്ഥാന ശമ്പളവും, ശമ്പള നിരക്കും (രൂപ) | ഈടാക്കേണ്ട എസ്.എൽ.ഐ (രൂപ) | ഈടാക്കിയ എസ്.എൽ.ഐ (രൂപ) | കുറവ് (രൂപ) |
|---|---|---|---|---|---|
| 1. | ശ്രീ. സ്റ്റാർലി ഒ.എസ് ജൂനിയർ സൂപ്രണ്ട് | 20,240/- (16,180-29,180) | 375 | 150 | 225 |
| 2. | ശ്രീ. മധു മോഹൻ അക്കൗണ്ടന്റ് | 16,580/- (14,620-25,250) | 225 | 150 | 75 |
| 3. | ശ്രീ.നോർമൻ.എ സീനിയർ ക്ലാർക്ക് | 15,380/- (13,210-22,360) | 225 | 200 | 25 |
| 4. | ശ്രീമതി.വീണ.എസ് സീനിയർ ക്ലാർക്ക് | 14,980/- (13,210-22,360) | 225 | 150 | 75 |
| 5. | ശ്രീമതി.ഇന്ദുലേഖ | 14,620/- | 225 | 175 | 50 |

| | | | | | |
|---|---|---|---|---|---|
| | സീനിയർ ക്ലാർക്ക് | (13,210-22,360) | | | |
| 6. | ശ്രീ.ജയരാജ്. ഓഫീസ് അറ്റൻഡന്റ് | 9,690/- (8,500-13,210) | 225 | 150 | 75 |

ജി.ഒ.(പി) 104/12 ഫിൻ തീയതി 09.02.2012 പ്രകാരം 01.04.2012 മുതൽ മേൽ പറഞ്ഞ പ്രകാരമുള്ള പുതുക്കിയ നിരക്ക് പ്രകാരമുള്ള പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കൊല്ലം ജില്ലാ കാര്യാലയത്തിൽ നിന്നുള്ള 04.04.2016ലെ കെ.എസ്.എ.കെ.എൽ.,എം-പി1/508/2016 പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിൽ മേൽ കോളത്തിൽ വിവരിച്ച ക്രമനമ്പർ 1,2,5 ലെ ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ, ജി.ഐ.എസ് തുകകൾ അടിസ്ഥാന ശമ്പള നിരക്കനുസരിച്ച് ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതും അടിസ്ഥാന ശമ്പള നിരക്കനുസരിച്ച് തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-15 <u>മഹാത്മഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.</u>

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 4424 കുടുംബങ്ങൾ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇതിൽ 796 കുടുംബങ്ങൾ ഓഡിറ്റ് വർഷമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഓഡിറ്റ് വർഷം ആക്ഷൻ പ്ളാൻ അനുസരിച്ച് 353 പദ്ധതികൾ അംഗീകരിച്ച് നൽകിയതിൽ (2,35,19,195 /- രൂപ അടങ്കൽ തുക) 225 പ്രവർത്തികൾ നടപ്പിലാക്കി (1,81,10,760 /- രൂപ ചെലവ്) നടപ്പിലാക്കി 84,504 തൊഴിൽദിനങ്ങൾ നൽകി, 516 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകി, ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പ്രവർത്തിചെലവ് 2,35,19,193/- രൂപ വകകൊള്ളിച്ചിരുന്നതിൽ തൊഴിലാളികൾക്ക് കൂലിയിനത്തിൽ 1,81,10,760/ രൂപ നൽകി ശതമാനം 77%.

## 3-16 <u>തെരുവു വിളക്ക് പരിപാലനം - അപാകതകൾ - കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു.</u>

2015-2016 വർഷത്തിൽ ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും കറൻറ് ചാർജ് ഈടാക്കി വരുന്നതായി സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു.

പഞ്ചായത്തിൽ 2013-2014 വർഷത്തിലാണ് അവസാനമായി കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയത്. ഈ പരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | വാട്ട്സ് | എണ്ണം | റേറ്റ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഫ്ലൂറസെന്റ് ട്യൂബ് | 2 x 240 | 322 | 98 | 31,556 |
| ഓർഡിനറി ബൾബ് | 100 | 10 | 124 | 1,240 |
| ഓർഡിനറി ബൾബ് | 60 | 275 | 75 | 20,265 |
| ഓർഡിനറി ബൾബ് | 40 | 760 | 49 | 37,240 |
| സോഡിയം വേപ്പർ ലാമ്പ് സെമി ഹൈമാസ്റ്റ് | 250 | 18 | 375 | 6,750 |
| സോഡിയം വേപ്പർ ലാമ്പ് | 250 | 29 | 311 | 9,019 |
| എം.ജി. ഓഫ് എസ്.വി.എൽ | 250 | 29 | 666 | 666 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 53 | 49 | 2,597 |
| സിംഗിൾ ട്യൂബ് ഫിറ്റിംഗ് | 40 | 115 | 49 | 5,635 |
| സി.എഫ്.എൽ | 18 | 12 | 12 | 144 |
| സി.എഫ്.എൽ | 2 x 11 | 5 | 14 | 70 |
| സി.എഫ്.എൽ | 22 | 36 | 14 | 504 |
| സി.എഫ്.എൽ | 20 x 2 | 34 | 28 | 952 |
| ആകെ | | 1,635 | | 1,16,998 |

മേൽ റിപ്പോർട്ട് പ്രകാരം 1045 സാധാരണ ബൾബുകൾക്ക് പ്രതിമാസം 58,745/- രൂപ നല്കേണ്ടതുണ്ട്. ഇതിൻ നിലവിൽ 76,760/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നല്കുന്നുണ്ട്. എന്നാൽ നിലവിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ലായെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കിക്കൊണ്ടിരിക്കുകയാണ് എന്ന് വക്തമാകുന്നു. മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/20-10-2016ന് കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന 2016 ഏപ്രിൽ മാസത്തിലെ 18,19,20 തീയതികളിൽ നടത്തിയെങ്കിലും ആയതിന്റെ റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇല്ലാത്ത 1045 ഓർഡിനറി ബൾബുകൾക്ക് നിലവിൽ 73,760 രൂപ കറന്റ് ചാർജ് ഒടുക്കിവരുന്നു. ആയതിനാൽ എത്രയും വേഗം കെ.എസ്.ഇ.ബിയിൽ നിന്നും സംയുക്ത പരിശോധനാറിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കെ.എസ്.ഇ.ബിയിൽ നിന്ന് റിപ്പോർട്ട് ലഭിക്കാതിരിക്കുകയോ അധികം ഈടാക്കിയ തുക ക്രമീകരിക്കാതിരിക്കുന്നതിനുള്ള നടപടി സ്വികരിക്കാതിരിക്കുകയൊ ചെയ്യുന്ന പക്ഷം നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 79500 | നെൽകൃഷി വികസനം | 60000 | 19500 |
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 100000 | നെൽകൃഷി വികസനം | 100000 | ഇല്ല |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഒരു വീട്ടിൽ ഒരു ടാപ്പ് പദ്ധതി | | 1500000/- | 1500000/- | ആരംഭിച്ചില്ല. | ഇല്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

### 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ്വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2006-07<br>3-3 | 2007-08<br>3.8.1 | അക്ഷയ പദ്ധതി പരാജയം | ഗവ. നിർദ്ദേശം ഉണ്ടാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് ജില്ലാ അക്ഷയ കോർഡിനേറ്റർ മറുപടി പറഞ്ഞിരിക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 89401505/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63958402/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4314946/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1500000/- | ശ്രീ. വിനോദ്കുമാർ, അസി.സെക്രട്ടറി |
| 3-4 | 19840/- | ശ്രീ.ബിജു.സി.നായർ, സെക്രട്ടറി |
| 3-5 | 359350/- | ശ്രീ.ബിജു.സി.നായർ,സെക്രട്ടറി |
| 3-6 | 31590/- | ശ്രീ.പ്രദീപ്കുമാർ. കൃഷി ഓഫീസർ |
| 3-7 | 1024166/- | ശ്രീ.ബിജു.സി.നായർ, സെക്രട്ടറി |
| 3-8 | 1380000/- | ശ്രീ.ബിജു.സി.നായർ, സെക്രട്ടറി |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം
ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ/പി1/1198(4)/14, തീ.13-6-14 | - |
| 1998-99 | എൽ.എഫ്.ക്യൂ/പി1/1198(5)/14, തീ.13-6-14 | - |
| 1999-00 | എൽ.എഫ്.ക്യൂ/പി1/1198(6)/14, തീ.13-6-14 | - |
| 2000-01 | എൽ.എഫ്.ക്യൂ/പി1/1198(7)/14, തീ.13-6-14 | - |
| 2001-02 | എൽ.എഫ്.ക്യൂ/പി1/1198(8)/14, തീ.13-6-14 | - |
| 2002-03 | എൽ.എഫ്.ക്യൂ/പി1/1198(9)/14, തീ.13-6-14 | - |
| 2003-04<br>2004-05 | എൽ.എഫ്.ക്യൂ/പി1/1198(10)/14, തീ.13-6-14 | - |
| 2005-06 | എൽ.എഫ്.ക്യൂ/പി1/1198(11)/14, തീ.13-6-14 | - |
| 2006-07 | എൽ.എഫ്.ക്യൂ/പി1/1198(12)/14, തീ.13-6-14 | - |
| 2007-08 | എൽ.എഫ്.ക്യൂ/പി1/1198(13)/14, തീ.13-6-14 | - |
| 2008-09 | എൽ.എഫ്.ക്യൂ/പി1/1198(14)/14, തീ.13-6-14 | - |
| 2009-10 | എൽ.എഫ്.ക്യൂ/പി1/1198(15)/14, തീ.13-6-14 | - |
| 2010-11 | എൽ.എഫ്.ക്യൂ/പി1/1198(16)/14, തീ.13-6-14 | - |
| 2011-12 | എൽ.എഫ്.ക്യൂ/പി1/553/14, തീ.1-4-14 | - |
| 2012-13 | എൽ.എഫ്.ക്യൂ/പി1/879/14, തീ.23-3-15 | - |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

## 4-10

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം. പി.8 – 1901 / 2016 തീയതി – 31.12.2016

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം